LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 482/2011-ാം നമ്പർ കേസ് 9-10-2013 മുതൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഫലപ്രദമായി അന്വേഷിച്ചുവരികയും എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന Sec. 174 CrPC ഭേദഗതി ചെയ്ത് 498 (A) IPC പ്രകാരം ടി കേസിന്റെ അന്വേഷണം നടന്നുവരുന്നതും ഈ കേസിലെ പ്രതിയായ നാസർഖാനെ 7-10-2014-ന് അറസ്റ്റ് ചെയ്ത് റിമാന്റ് അപേക്ഷ സഹിതം ബഹുമാനപ്പെട്ട ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-II കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി റിമാന്റ്നുവദിച്ച് 25-10-2014 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ് വരവെ ടിയാൻ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. സി.ബി.ഐ. അന്വേഷണം സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

അന്യസംസ്ഥാന തൊഴിലാളികൾ

227 (3861) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റവാളികളും തീവ്രവാദികളും നുഴഞ്ഞു കയറുന്നത് തടയുവാനും നിരോധിച്ച പുകയില ഉല്പന്നങ്ങളും മയക്കു മരുന്നുകളും ഇവരിലൂടെ കൈമാറ്റം ചെയ്യുന്നത് തടയുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ കൃത്യമായ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം താമസിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെക്ക്പോസ്റ്റുകളിലൂടെയും ടെയിനുകളിലൂടെയും അന്യസംസ്ഥാന തൊഴിലാളികൾ നിരോധിച്ച പുകയില ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിനാവശ്യമായ പരിശോധന നടത്തുന്നുണ്ട്. കുറ്റവാളികളെയും തീവ്രവാദികളെയും കണ്ടുപിടിക്കുന്നതിനു പോലീസ് മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ആഭ്യന്തര വകുപ്പ് അത്തരത്തിലൊരു നിർദ്ദേശം നൽകിയിട്ടില്ല.

(സി) ബാധകമല്ല.

കാസർഗോഡ് - ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ

228 (3862) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ അധിക ജോലിഭാരം സംബന്ധിച്ച ഒരു പഠനം നടത്തുവാൻ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

നിർഭയകേരളം പദ്ധതി

229 (3863) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ച നിർഭയകേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;